പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. റ്റി.7192 — 03.11.2011-ൽ മറുപടിയ്ക്ക്

# തൊഴിലുറപ്പ് പദ്ധതി-അസറ്റ് ക്രിയേഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഹംസ | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. | തൊഴിലുറപ്പ് പദ്ധതി അസറ്റ് ക്രിയേഷന് ഉപയോഗപ്പെടുന്നില്ല എന്ന പരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ ആലോചിക്കുന്നുണ്ടോ ; | എ. | ഉണ്ട്. തൊഴിൽ നൽകുക എന്നുള്ളതാണ് തൊഴിലുറപ്പ് പദ്ധതിയുടെ മുഖ്യലക്ഷ്യം. സ്ഥായിയായ ആസ്തികളുടെ നിർമ്മാണത്തിന് കൂടി പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. ഇത് പരിഹരിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനും, സംഭരിക്കുന്നതിനും, ഉപയോഗിക്കുന്നതിനും വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു. |
| ബി. | കൂലി 60 ശതമാനവും മെറ്റീരിയൽ കോസ്റ്റ് 40 ശതമാനവും എന്ന അനുപാതം എല്ലായിടത്തും ഒരു പോലെ നടപ്പിലാക്കുന്നുണ്ടോ ; | ബി. | ഇല്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം അവിദഗ്ദ്ധ കൂലി ഘടകം 60% ഉം പരമാവധി 100% ഉം അനുവദനീയമാണ്. ഈ സാഹചര്യത്തിൽ കൂലി 60% ഉം മെറ്റീരിയൽ കോസ്റ്റ് 40% ഉം എന്ന അനുപാതം എല്ലായിടത്തും ഒരു പോലെ നടപ്പിലാക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടതില്ല. |
| സി. | 40 ശതമാനം മെറ്റീരിയൽ കോസ്റ്റ് ഉപയോഗപ്പെടുത്താത്ത ഏതെങ്കിലും ജില്ലകൾ ഉണ്ടോ; ആ ജില്ലകൾക്ക് 40% മെറ്റീരിയൽ കോസ്റ്റ് ചെലവഴിക്കണമെന്ന കർശന നിർദ്ദേശം നൽകുമോ ; | സി. | സംസ്ഥാനത്തിലെ ജില്ലകളിൽ ഒന്നും തന്നെ 40% മെറ്റീരിയൽ കോസ്റ്റ് ഉപയോഗപ്പെടുത്തുന്നില്ല. പ്രസ്തുത ജില്ലകൾക്ക് 40% മെറ്റീരിയൽ കോസ്റ്റ് ചെലവഴിക്കണമെന്ന നിർദ്ദേശം നിലവിലെ നിയമത്തിന്റെ ചട്ടക്കൂടിൽ നൽകാൻ സാധിക്കില്ല. |
| ഡി. | എം.എൽ.എ.ഫണ്ടും എം.പി. ഫണ്ടും തൊഴിലുറപ്പ് ഫണ്ടും സംയോജിപ്പിച്ച് അസെറ്റ് ക്രിയേഷൻ ഉണ്ടാക്കുന്ന രീതിയിലുള്ള പ്രപ്പോസലുകൾ തയ്യാറാക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ ? | ഡി. | പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.